തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# വ്യാജസിദ്ധൻ അറസ്റ്റിൽ

# മൊബൈൽ മോഷണ കേസ്സിലെ പ്രതി പിടിയിൽ

## കോവിഡ്-19

# വിലക്ക് ലംഘനം: 100 പേർക്കെതിരെ നിയമനടപടി 35,500/- രൂപ പിഴ ഈടാക്കി

## വ്യാജസിദ്ധാൻ അറസ്റ്റിൽ

തിരുവനന്തപുരം:- ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിൽ സമൂഹത്തിലെ കുടുംബപ്രശ്നങ്ങളുള്ള സ്ത്രീകളെ തിരഞ്ഞുപിടിച്ച് ദോഷം മാറ്റുന്നതിനുള്ള പൂജ ചെയ്ത് നൽകാമെന്ന് വിശ്വസിപ്പിച്ച് പണവും സ്വർണ്ണാഭരണങ്ങളും വാങ്ങി മുങ്ങുന്ന വ്യാജസിദ്ധാൻ പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കന്യാകുളങ്ങര പെരുങ്കൂർ ഇടത്തറ ഭദ്രകാളിദേവീ ക്ഷേത്രത്തിന് സമീപം ശ്രീനിലയം വീട്ടിൽ അഭിമന്യു (19)-നെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്. പ്ലസ് ടു വരെ മാത്രം വിദ്യാഭ്യാസം ഉള്ള പ്രതി പൂണൂൽ ധരിച്ച് ബ്രാഹ്മണൻ ആണെന്നും പത്മനാഭസ്വാമിക്ഷേത്രം തന്ത്രി ആണെന്നും തെറ്റിദ്ധരിപ്പിച്ച് പത്മനാഭസ്വാമിക്ഷേത്ര പരിസരങ്ങളിൽ തന്ത്രി വേഷത്തിൽ കറങ്ങി നടന്ന് ഇരകളെ



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത അഭിമന്യു (19)

കണ്ടെത്തി തട്ടിപ്പുകൾ നടത്തി വരികയായിരുന്നു. കൂടാതെ, ഇരകളെ കണ്ടെത്തുന്നതിനായി പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകിയിരുന്ന ഇയാൾ പരസ്യം കണ്ട് ഫോണിൽ ബന്ധപ്പെടുന്നവരെ വാക്ചാതുരിയിൽ വീഴ്ത്തിയും അല്ലാത്തവരോട് ഗൃഹനാഥന് അകാലമൃത്യു ഉണ്ടാകുമെന്നും ഭയപ്പെടുത്തുകയായിരുന്നു. തുടർന്ന് പരിഹാരമായി ഏലസ്സും കർമ്മങ്ങളും ചെയ്ത് തരാമെന്ന് പറഞ്ഞ് സ്വർണ്ണാഭരണങ്ങളും പണവും വാങ്ങി മുങ്ങുകയാണ് ഇയാളുടെ രീതി. അപ്രകാരം വിതുര സ്വദേശിയായ ഒരു വീട്ടമ്മയിൽ നിന്നും ഒന്നര പവൻ തൂക്കം വരുന്ന മൂന്ന് സ്വർണ്ണമോതിരങ്ങളും, 13,000/- രൂപയും വാങ്ങിയതായുള്ള പരാതിയിൽ രജിസ്റ്റർ ചെയ്ത കേസ്സിലാണ് ഫോർട്ട് പോലീസ് ഇയാളെ അറസ്റ്റ് ചെയ്തത്. പ്രതിയുടെ അറസ്റ്റ് വിവരം അറിഞ്ഞെത്തിയ വട്ടപ്പാറ സ്വദേശിയായ യുവതിയുടെ പരാതിയിൽ നടത്തിയ അന്വേഷണത്തിൽ യുവതിയിൽ നിന്നും പൂജിക്കാനെന്ന് പറഞ്ഞ് വാങ്ങിയ 10,000-ഓളം രൂപ വില വരുന്ന വെള്ളിപ്പാത്രങ്ങൾ പ്രതി വിൽപ്പന നടത്തിയത് ചാലയിലെ സ്ഥാപനത്തിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ഈ സ്ത്രീയിൽ നിന്നും ഇത്തരത്തിൽ സ്വർണ്ണാഭരണങ്ങൾ തട്ടിപ്പ് നടത്തിയ കേസ്സിലും റൂറലിൽ നിന്നും ലഭിച്ച സമാനമായ പരാതികളിന്മേലും കൂടുതൽ അന്വേഷണം നടത്തുന്നുണ്ട്. പോലീസ്അന്വേഷണം ആരംഭിച്ചത് അറിഞ്ഞ് ഒളിവിൽ പോയ പ്രതിയെ ഫോർട്ട് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്യുകയായിരുന്നു. ഫോർട്ട് എ.സി.പി പ്രതാപൻ നായരുടെ നിർദ്ദേശാനുസരണം ഫോർട്ട് എസ്.എച്ച്.ഒ രാകേഷ്.ജെ, എസ്.ഐ-മാരായ സജു എബ്രഹാം, സെൽവിയസ് രാജ്, സി.പി.ഒ-മാരായ ബിനു, വിനോദ്, പ്രമോദ്, മഹേഷ് എന്നിവരടങ്ങുന്ന സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## മൊബൈൽ മോഷണ കേസ്സിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിൽ നിന്നും മൊബൈൽ മോഷണ കേസ്സിലെ പ്രതി പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തമിഴ്നാട് സംസ്ഥാനത്തിലെ കന്യാകുമാരി ജില്ലയിൽ കൽക്കുളം താലൂക്കിൽ എരണിയൽ കാരൻകടവ് ആർ.സി ചർച്ചിനു സമീപം ഡോർ നംബർ 65 (എ) യിൽ ഷൺമുഖം മകൻ മൻമഥൻ @ മദൻ (36) നെയാണ് തമ്പാനൂർ പോലീസ് അറസ്റ്റ് ചെയ്തത്. തമിഴ് നാട് തൂത്തുക്കുടി ജില്ലയിൽ കോവിൽപ്പെട്ടി സ്വദേശി സുന്ദർ രാജ് തമ്പാനൂർ ബസ് സ്റ്റാൻഡിൽ ഉറങ്ങിക്കിടന്ന സമയം കൈവശമുണ്ടായിരുന്ന മൊബൈൽ ഫോൺ പ്രതി പോക്കറ്റിൽ നിന്നും മോഷ്ടിക്കുകയായിരുന്നു. മോഷണ വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ തമ്പാനൂർ പോലീസ് സമീപത്ത് സംശയാസ്പദമായി സാഹചര്യത്തിൽ കാണപ്പെട്ട പ്രതിയെ തടഞ്ഞ് നിർത്തി നടത്തിയ പരിശോധനയിൽ മോഷണം പോയ മൊബൈൽ ഫോൺ കണ്ടെത്തുകയായിരുന്നു. തമ്പാനൂർ എസ്.എച്ച്.ഒ -ബൈജു, എസ്.ഐ മാരായ സുധീഷ്, വിമൽ രംഗനാഥ്, എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.



തമ്പാനൂർ പോലീസ് അറസ്റ്റ് ചെയ്ത
മൻമഥൻ @ മദൻ (36)

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (18-12-2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 100 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു.

രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 25 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്- 2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 67 പേരിൽ നിന്നും സാമൂഹികഅകലം പാലിക്കാത്ത 4 പേരിൽ നിന്നുമായി 35,500/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ തുറന്ന് പ്രവർത്തിച്ച 2 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി

18-12-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി